രക്ഷയുടെ പാതയിൽ-3



3

# ജീവദാതാവായ ദൈവം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 15

# ആത്മാവിനാൽ സാക്ഷ്യം നൽകിയവർ



അപ്പസ്തോലനായ വി. തോമ്മാശ്ലീഹാ ഭാരതത്തിലെത്തിയത് ഈശോയെക്കുറിച്ച് പ്രസംഗിക്കാനാണ്.

അദ്ദേഹം **എ.ഡി. 52-ൽ** കൊടുങ്ങല്ലൂർ എന്ന സ്ഥലത്ത് എത്തിച്ചേർന്നു. കേരളത്തിൽ പലസ്ഥലങ്ങളിലും സുവിശേഷം പ്രസംഗിച്ചു. അനേകർ ഈശോയിൽ വിശ്വസിച്ചു. അങ്ങനെ ഇവിടെ ക്രിസ്ത്യാനികൾ ഉായി.

**കൊടുംങ്ങല്ലൂർ, പാലയൂർ, കോട്ടക്കാവ്, കോക്കമംഗലം, നിരണം, കൊല്ലം, ചായൽ** (നിലയ്ക്കൽ) എന്നീ ഏഴുസ്ഥലങ്ങളിൽ തോമ്മാശ്ലീഹാ പള്ളികൾ സ്ഥാപിച്ചു.

## എ.ഡി. 72-ൽ രക്തസാക്ഷിയായി മരിക്കുകയും ചെയ്തു.

മാർത്തോമ്മാശ്ലീഹാ രക്തസാക്ഷിയായി മരിച്ചതിന്റെ ഓർമ്മയാണ് ജൂലൈ 3-ാം തീയതി ദുക്റാനത്തിരുനാളായി നമ്മൾ ആചരിക്കുന്നത്. ദുഖ്റാന എന്ന വാക്കിന്റെ അർത്ഥം ഓർമ്മ എന്നാണ്.



വിശ്വാസത്തിനു സാക്ഷ്യം നൽകി ജീവൻ സമർപ്പിച്ചവരെ നാം രക്തസാക്ഷികൾ എന്നു വിളിക്കുന്നു. ആദ്യത്തെ രക്തസാക്ഷി വിശുദ്ധ എസ്തപ്പാനോസ് (സ്റ്റീഫൻ) ആണ്. സുവിശേഷം പ്രസംഗിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്ത അദ്ദേഹത്തെ യഹൂദർ കല്ലെറിഞ്ഞുകൊന്നു. അവർക്കായി പ്രാർത്ഥിച്ചുകൊണ്ടാണ് എസ്തപ്പാനോസ് ജീവൻ വെടിഞ്ഞത്.





സുവിശേഷത്തിനുവേ രക്തസാക്ഷികളായ അനേകംപേർ
സഭയിലു്. ശ്ലീഹന്മാരിൽ വിശുദ്ധ യോഹന്നാൻ ഒഴികെ ബാക്കി
എല്ലാവരും രക്തസാക്ഷികളായി മരിച്ചവരാണ്.
വി. സെബസ്ത്യാനോസ്, വി. ഗീവർഗീസ്, വി. ആഗ്നസ്,
അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് തുടങ്ങി അനേകം
രക്തസാക്ഷികൾ സഭയിലു്.



രക്തസാക്ഷികളെക്കൂടാതെ വി. അഗസ്റ്റിൻ, വി. അപ്രേം,

വി. അന്തോനീസ്, വി. ഫ്രാൻസിസ് അസീസി,

വി. ഫ്രാൻസിസ് സേവ്യർ, വി. കൊച്ചുത്രേസ്യ,

വി. ഡൊമിനിക് സാവിയോ, വി. മരിയ ഗൊരേത്തി

തുടങ്ങിയ ഒട്ടേറെ വിശുദ്ധരും സഭയിലുണ്ട്.

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ,

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ,

കൽക്കട്ടായിലെ വാഴ്ത്തപ്പെട്ട മദർ തെരേസ

എന്നിവരും ആത്മാവിന്റെ ശക്തിയാൽ വിവിധതരത്തിൽ

ഈശോയ്ക്കു സാക്ഷ്യം നൽകി ജീവിച്ചവരാണ്.











**പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ഈ വിശുദ്ധരിൽ നിറഞ്ഞുനിന്നിരുന്നു. ഒരു വ്യക്തിയിൽ പരിശുദ്ധാത്മാവു ജീവിക്കുന്നു എന്നതിന്റെ അടയാളമാണ് ആത്മാവിന്റെ ഫലങ്ങൾ. പ്രധാനമായും പന്ത്രണ്ടെണ്ണമാണ് ആത്മാവിന്റെ ഫലങ്ങൾ.**

**സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ,നന്മ,**
**വിശ്വസ്തത, സൗമ്യത, സഹനശക്തി, വിശുദ്ധി, മിതത്വം,**
**ആത്മസംയമനം എന്നിവയാണവ.** (ഗലാത്തിയ 5:22-23)



നന്മയിൽ വളരാൻ
നമ്മെ
സഹായിക്കാനായി
ദൈവം
തന്നിരിക്കുന്ന
കൂട്ടുകാരാണ്
കാവൽമാലാഖമാർ.
നിരന്തരം നന്മയുടെ
മാർഗ്ഗത്തിൽ
നടക്കുവാൻ
കാവൽമാലാഖ
നമ്മെ സഹായിക്കുന്നു.

# നമുക്കുപ്രാർത്ഥിക്കാം

വിശുദ്ധരെപ്പോലെ ആത്മാവിന്റെ
ഫലങ്ങളിൽ വളർന്ന് ഈശോയ്ക്കു
സാക്ഷിയായി ജീവിക്കുവാൻ
എന്നെ അനുഗ്രഹിക്കണമേ.



# നമുക്കു പാടാം



ദൈവാത്മാവിൻ ഫലങ്ങൾ

നമ്മിലെന്നും നിറയാൻ

വിശുദ്ധിയിൽ വളരാൻ

പ്രാർത്ഥിക്കുക നാം

മാർത്തോമ്മാശ്ലീഹാ, തെളിച്ചതാം ദീപം

പകർന്നിടാനിന്ന്, ഉണരുക നാം

ദൈവാത്മാവിൻ...

സ്വർഗീയ മദ്ധ്യസ്ഥരും, കാവൽ മാലാഖമാരും

പരിശുദ്ധ അമ്മയും തുണയായ്

ദൈവാത്മാവിൻ...

# എന്റെ തീരുമാനം

ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന വിശുദ്ധമായ

ഒരു ജീവിതം ഞാൻ നയിക്കും.



Thank you